പതിമൂന്നാം കേരളനിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *176 — 16.02.2016-ൽ മറുപടിക്ക്

## സിവിൽ കേസുകളിൽ നിന്ന് പോലീസ് പിന്മാറണമെന്ന തീരുമാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം. ആരിഫ്<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എം. ചന്ദ്രൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സിവിൽ കേസുകളിൽ നിന്ന് പോലീസ് പിന്മാറണമെന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) സിവിൽ സ്വഭാവത്തിലുള്ള തർക്കങ്ങൾ സംബന്ധിച്ച പരാതികൾ പോലീസ് സ്റ്റേഷനുകളിൽ കൈകാര്യം ചെയ്യേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടില്ല. എന്നാൽ സിവിൽ തർക്കങ്ങളിൽ സിവിൽ കോടതികളുടെ ഉത്തരവുകൾ ശ്രദ്ധിക്കാതെയുള്ള പോലീസിന്റെ ഇടപെടൽ ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഏതെങ്കിലും വ്യക്തികളോ സംഘങ്ങളോ തമ്മിലുള്ള തർക്കം എത്രയും പെട്ടെന്ന് പരിഹരിക്കാത്തപക്ഷം ഒരു കൊഗ്നൈസബിൾ കുറ്റമായി പരിണമിക്കുവാൻ സാധ്യതയുള്ള സാഹചര്യം ആരെങ്കിലും ശ്രദ്ധയിൽപ്പെടുത്തിയാൽ 2011-ലെ കേരള പോലീസ് നിയമം 63-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ മാത്രമെ സ്വീകരിക്കാവൂ എന്നും ഒരു പ്രത്യേക കോടതി നടപടിക്കുവേണ്ടിയോ കക്ഷികൾക്ക് പോലീസ് സംരക്ഷണം നൽകുന്നതിനു വേണ്ടിയോ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെയോ സിവിൽ കോടതിയുടെയോ ഉത്തരവ് കിട്ടിയാൽ അത്തരം ഉത്തരവുകൾ പാലിക്കാൻ പോലീസ് ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണെന്ന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) വസ്തുതർക്കം, അതിർത്തിത്തർക്കം തുടങ്ങിയ കേസുകൾ സംബന്ധിച്ച് പോലീസ് സ്റ്റേഷനുകളിൽ പരാതി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; നിലവിൽ പോലീസിന്റെ പരിഗണനയിലുള്ള ഹർജികൾക്കും തീരുമാനം ബാധകമാണോ; | (ബി) വസ്തുതർക്കം, അതിർത്തിത്തർക്കം തുടങ്ങിയ കേസുകൾ സംബന്ധിച്ച് പോലീസ് സ്റ്റേഷനുകളിൽ പരാതി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടില്ല. നിലവിൽ പോലീസിന്റെ പരിഗണനയിലുള്ള ഹർജികൾ ഉൾപ്പെടെയുള്ള സിവിൽ തർക്കങ്ങൾ പരിഹരിക്കുന്നതിൽ സെക്ഷൻ 63 കെ.പി. ആക്റ്റ് പ്രകാരം നിയമവിധേയമായി പോലീസ് ഇടപെടുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഇത്തരം ആവശ്യങ്ങളിൽ അടിയന്തര പരിഹാരത്തിനും ഇടപെടലിനും ജനങ്ങൾ ആരെയാണ് സമീപിക്കേണ്ടത്; വിശദമാക്കാമോ? | (സി) | സിവിൽ തർക്കങ്ങളെ തുടർന്നുണ്ടാകുന്ന അടിയന്തര പ്രശ്നപരിഹാരത്തിന് സിവിൽ കോടതി ഉത്തരവുകളെയും കോടതി വിധികളെയും അനുവർത്തിച്ചുകൊണ്ടും 2011-ലെ കേരള പോലീസ് നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായുള്ള നടപടികളാണ് പോലീസ് സ്വീകരിക്കുന്നത്. അപ്രകാരമുള്ള പോലീസ് ഇടപെടലിൽ പ്രശ്നം പരിഹരിക്കാനാകുന്നില്ലായെങ്കിൽ റവന്യൂ അധികാരികളെയോ സിവിൽ കോടതികളെയോ ജനങ്ങൾക്ക് സമീപിക്കാവുന്നതാണ്. |

Rajani M

സെക്ഷൻ ഓഫീസർ